**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 803** | **10-06-2021 - ൽ മറുപടിയ്ക്ക്**

**മരാമത്ത് പണികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ സി കെ ഹരീന്ദ്രൻ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | മരാമത്ത് പണികളിൽ പരമ്പരാഗത നിർമ്മാണ രീതികളിൽ നിന്ന് വ്യതിചലിച്ച് പ്രകൃതി സൗഹൃദവും നവീന സാങ്കേതികവിദ്യയും ഉൾപ്പെടുത്തിയുള്ള നിർമ്മാണ രീതികൾ നടപ്പിലാക്കിയ കഴിഞ്ഞ സർക്കാരിന്റെ വികസന കാഴ്ചപ്പാട് പിന്തുടരുവാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | കഴിഞ്ഞ സർക്കാർ പ്രകൃതി സൗഹൃദവും നവീന സാങ്കേതിക വിദ്യയുമായ ഡിസൈൻ ഉൾപ്പെടുത്തി അവലംബിച്ച 'പുതിയ കാലം പുതിയ നിർമ്മാണം' എന്ന ആശയത്തിന്റെ തുടർച്ചയായി കെട്ടിടങ്ങൾ 'സ്റ്റീൽ സ്ട്രക്ച്ചർ' ആയും, പാലങ്ങൾ 'പ്രീകാസ്റ്റ്' സാങ്കേതികവിദ്യയും,6 നിരത്തുകളിൽ വൈറ്റ് ടോപ്പിംഗ് സാങ്കേതികവിദ്യയും ബി.എം & ബി.സിയും ഉപയോഗിച്ച് ഡിസൈൻ ചെയ്യുന്നതിനും പ്രവൃത്തികൾ നടപ്പിലാക്കുന്നതിനും ഉദ്ദേശിക്കുന്നു. |
| (ബി) | കനത്ത മഴയിലും പ്രകൃതി ക്ഷോഭത്തിലും തകരുന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം പൂർത്തിയാക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്; | (ബി) | കനത്ത മഴയിലും പ്രകൃതി ക്ഷോഭത്തിലും തകരുന്ന റോഡുകൾ അടിയന്തിരമായി ഗതാഗത യോഗ്യമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഫീൽഡ് ഓഫീസർമാർക്ക് നൽകിയിട്ടുണ്ട്. ഇവയുടെ പുനർനിർമ്മാണ പ്രവർത്തികളും സമയബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള പ്രൊപ്പോസലുകൾ നൽകുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. ദേശീയപാതകളിൽ ഉണ്ടാകുന്ന നാശനഷ്ടം കേന്ദ്ര സർക്കാരിനെ യഥാസമയം അറിയിക്കുകയും, ordinary repair - ലും Flood Damage repair - ലും ലഭിക്കുന്ന തുക ഉപയോഗിച്ച് അറ്റകുറ്റപ്പണികൾ യഥാസമയം നടപ്പിലാക്കാറുണ്ട്. |
| (സി) | നബാർഡ് ധനസഹായത്തോടെയും കിഫ്ബി വഴിയും റീബിൽഡ് കേരള ഇനീഷ്യേറ്റീവ് പദ്ധതിയിലുൾപ്പെടുത്തിയും നടന്നുവരുന്ന റോഡ് പുനരുദ്ധാരണ പ്രവർത്തനങ്ങൾ കാലതാമസം കൂടാതെ പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിയ്ക്കാനുദ്ദേശിക്കുന്നതെന്ന് അറിയിയ്ക്കാമോ? | (സി) | റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ അടിയന്തിരമായി പൂർത്തിയാക്കുന്നതിന് വേണ്ടി പ്രവൃത്തികൾ അടിയന്തിരമായി ക്രമീകരിക്കുകയും അംഗീകൃത ഷെഡ്യൂൾ, സ്പെസിഫിക്കേഷൻ, സമയപരിധി എന്നിവ പ്രകാരം പ്രവൃത്തികൾ നടപ്പിലാക്കുകയും ചെയ്യുന്നു. നടന്നു വരുന്ന പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി, അവലോകന യോഗം നടത്തി |

| | | | |
|---|---|---|---|
| | | | പദ്ധതികളുടെ പുരോഗതി വിലയിരുത്തുകയും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനു വേണ്ടുന്ന നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ